**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 255** **03-08-2021 - ൽ മറുപടിയ്ക്ക്**

**പാലുല്പാദന മേഖലയിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിലൂടെ ദൈനംദിന വരുമാനം കണ്ടെത്തുന്ന ധാരാളം കുടുംബങ്ങൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സ്ത്രീകൾ ഈ മേഖലയിലേയ്ക്ക് കൂടുതൽ കടന്നുവരുന്നു എന്നത് ക്ഷീരവികസന വകുപ്പ് നടത്തിയ വനിതാ സർവ്വെയിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെവന്ന പ്രവാസികൾ ക്ഷീരമേഖലയെ തങ്ങളുടെ ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുക്കുന്ന ഒരു സ്ഥിതിവിശേഷവും കണ്ടുവരുന്നു. |
| (ബി) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; പാലുല്പാദന മേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21 ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21 .3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ അന്യസംസ്ഥാനത്ത് എത്തിച്ച് പാൽപ്പൊടിയാക്കി മാറ്റുന്നു. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളുടേയും ആഭ്യന്തര പാൽ സംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖല യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39599 ലിറ്ററും, എറണാകുളം മേഖല യൂണിയന്റെ പ്രതിദിന ശരാശരി സംഭരണത്തിൽ 25502 ലിറ്ററും, മലബാർ മേഖല യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51572 ലിറ്ററും വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ |

| | | | |
|---|---|---|---|
| | | | ധനസഹായത്തോടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ പാലുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിലേക്കായി തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധന സഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. സഹകരണ മേഖലയിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച ക്ഷീരമേഖല കോവിഡ് ലോക്ക്ഡൗൺ കാലഘട്ടത്തിൽ സംഭരിക്കുന്ന പാൽ മുഴുവൻ വിപണനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ അധികപാൽ പാൽപ്പൊടിയാക്കുന്നതിനായി പാൽപ്പൊടി ഫാക്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം മറ്റ് മൂല്യ വർദ്ധിത പാലുല്പന്നങ്ങളുടെ ഉല്പാദനവും ആരംഭിക്കാനാണ് പദ്ധതിയിടുന്നത്. |

സെക്ഷൻ ഓഫീസർ